# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.318
### 27/09/2016-ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷനുകൾ**

**ചോദ്യം**
ശ്രീ. സണ്ണി ജോസഫ്
ശ്രീ. റോജി എം. ജോൺ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. അൻവർ സാദത്ത്

**ഉത്തരം**
ഡോ. ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമപെൻഷനുകൾ സഹകരണ ബാങ്ക്/ സഹകരണസംഘം വഴി വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | ക്ഷേമപെൻഷനുകൾ (സാമൂഹ്യ സുരക്ഷാ പെൻഷനുകൾ) ജില്ലാ സഹകരണബാങ്കുകൾ/ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ / മറ്റ് വായ്പാ സഹകരണസംഘങ്ങൾ എന്നിവ വഴി വിതരണം ചെയ്യുന്ന പദ്ധതി 15/08/2016 ലെ GO(Ms)No.324/2016/Fin ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഓണക്കാലത്ത് ക്ഷേമപെൻഷനുകൾ വീട്ടിൽ എത്തിക്കുന്ന പദ്ധതി പ്രകാരം എത്രപേരുടെ പെൻഷൻ വീട്ടിൽ എത്തിച്ചു; എത്ര കോടി രൂപയാണ് പെൻഷനായി അനുവദിച്ചത്; വിശദമാക്കാമോ; | ഓണക്കാലത്ത് ക്ഷേമപെൻഷനുകൾ (സാമൂഹ്യ സുരക്ഷാ പെൻഷനുകൾ) വീട്ടിൽ എത്തിക്കുന്ന പദ്ധതി പ്രകാരം 2476430 പേരുടെ പെൻഷൻ വീടുകളിൽ എത്തിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 1750.27 കോടി രൂപാ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ബാങ്ക് അക്കൗണ്ട് വഴിയും പെൻഷൻ നൽകിയിട്ടുണ്ട്. ആകെ 2415 കോടി രൂപ പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുവാനുള്ള സംവിധാനം എന്തായിരുന്നു; വിശദമാക്കാമോ; | ഈ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി പ്രാദേശിക സർക്കാർ തലത്തിൽ അവയുടെ അദ്ധ്യക്ഷൻ ചെയർമാനായും ജില്ലാ സഹകരണബാങ്കുകൾ/ പ്രാഥമിക കാർഷിക വായ്പാ |

| | | |
|---|---|---|
| | | സഹകരണസംഘങ്ങൾ / മറ്റ് വായ്പാ സഹകരണസംഘങ്ങൾ എന്നിവയുടെ സെക്രട്ടറി കൺവീനറായും അവയുടെ പ്രസിഡന്റുമാർ വൈസ് ചെയർമാനായും കോർപ്പറേഷൻ, മുനിസിപ്പൽ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ സഹകരണബാങ്കുകൾ/ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ / മറ്റ് വായ്പാ സഹകരണസംഘങ്ങൾ എന്നിവയുടെ ഡയറക്ടർ ബോഡ് അംഗങ്ങൾ, സഹകരണവകുപ്പ് യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളുമായി മോണിട്ടറിഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതിയുടെ പ്രതിദിന അവലോകനവും നടത്തിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയെപ്പറ്റി ഉയർന്നു വന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ഗൗരവമായ പരാതി ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | പെൻഷൻ സംബന്ധിച്ച സർവ്വെ നടത്തിയ കുടുംബശ്രീക്ക് എത്ര തുകയാണ് നൽകിയത്; വ്യക്തമാക്കുമോ? | പെൻഷൻ സംബന്ധിച്ച സർവ്വെ നടത്തിയ കുടുംബശ്രീക്ക് 3 കോടി രൂപ അനുവദിക്കുകയും അതിൽ 2 കോടി രൂപ കൈമാറുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ